

# ചിരിപ്പത്തായം

## (കുഞ്ഞുവായന)

ശശിധരൻ കല്ലേരി

# ചിരിപ്പത്തായം

ചെറിയ കുട്ടികൾക്ക് പറ്റിയ വായനാ കാർഡുകൾ ഉണ്ടാവുമോ എന്ന അദ്ധ്യാപകരുടെ ചോദ്യമാണ് ചിരിപ്പത്തായം എന്ന ഈ കാർഡുകൾ ഉണ്ടാക്കാൻ പ്രചോദനം .കൊച്ചു കുട്ടികൾക്കുള്ള കാർഡായതുകൊണ്ടുതന്നെ വാക്കുകൾ പലതും നിർബന്ധമായി പിരിച്ച് എഴുതിയിട്ടുണ്ട്.രസകരമായി വായിച്ചു പോകാൻ കഴിയുന്ന കാർ ഡുകളാണ് ഭൂരിഭാഗവും.

പ്രചോദനമേകിയും വായിച്ച് വേണ്ട തിരുത്തലുകൾ പറഞ്ഞ എല്ലാവർക്കും സ്നേഹവും കടപ്പാടും.

**തയാറാക്കിയത്:**

**ശശിധരൻ കല്ലേരി**

**എൽ പി എസ് റ്റി**

**എൻ ഐ എൽ പി സ്കൂൾ ചിറ്റേത്തുകര**

**എറണാകുളം.**

**90742 71262**

# കട

1



കട തുറന്നു.
കല വന്നു.
കടല വാങ്ങി.
കുടം വാങ്ങി.
കടം വാങ്ങി.
കട പൂട്ടി.

ശശിധരൻ കല്ലേരി

# പൂന്തോട്ടം 2

പുലരി പിറന്നു.
പൂക്കൾ വിരിഞ്ഞു.
പൂക്കളിൽ പൂന്തേൻ.
പൂന്തേൻ ഉണ്ണാൻ പൂമ്പാറ്റ.
പൂഞ്ചിറക് ഉള്ള പൂമ്പാറ്റ.
പൂമ്പാറ്റ പൂന്തേൻ നുകർന്നു.



ശശിധരൻ കല്ലേരി

# അട




അട ചുട്ടു.
അമ്മ ചുട്ടു.
അമ്മു തിന്നു.
അച്ഛൻ തിന്നു.
അനിയൻ തിന്നു.
അട നല്ല അട.

ശശിധരൻ കല്ലേരി

# വയൽ

4



വാസു വന്നു.
വാണി വന്നു.
വയൽ പതം വരുത്തി.
വിത്ത് വിതച്ചു.
വിത്ത് മുളച്ചു.
വെള്ളം ഒഴിച്ചു.
വളം ഇട്ടു.
വിത്ത് നെന്മണിയായി.

ശശിധരൻ കല്ലേരി

5

# ആന



ആന വന്നു.
ആന ആടി വന്നു.
ആട് വന്നു.
ആട് ഓടി വന്നു.
ആമ വന്നു.
ആമ പതുക്കെ വന്നു.
ആലിൻ ചുവട്ടിൽ നിന്നു.

# താര

6



താര ഉണർന്നു.
തലമുടി കെട്ടി വച്ചു.
തറ അടിച്ചു വാരി.
തറയിൽ തേരട്ട .
തേരട്ടയെ എടുത്തു മാറ്റി.
തറ തുടച്ചു.
തിണ്ണ തുടച്ചു.
താര കുളിച്ചു വന്നു.

ശശിധരൻ കല്ലേരി

7

# മഴ



മാനം കറുത്തു.
മഴ പെയ്തു.
മരത്തിൽ പെയ്തു.
മലയിൽ പെയ്തു.
മുറ്റത്ത് പെയ്തു.
മുറ്റം നിറയെ വെള്ളം.
മനു മുറ്റത്തിറങ്ങി.
മഴ കൊണ്ടു.
മനു തണുത്ത മഴ കൊണ്ടു.

*ശശിധരൻ കല്ലേരി*

# പാത്തു

8



പാടത്ത് പിള്ളേർ.
പിള്ളേർ പട്ടം പറത്തുന്നു.
പാത്തു അത് കണ്ടു.
പാത്തു പോയി.
പട്ടം എടുത്തോണ്ട് പോയി.
പടി കടന്നു പോയി.
പാത്തു പാടത്ത് പോയി.
പാത്തു പാടത്ത് പട്ടം പറത്തി.
പട്ടം പറന്നു.
പട്ടം ഉയർന്നു പറന്നു.

ശശിധരൻ കല്ലേരി

# ചക്കിയും ചക്കയും

9



ചക്കി ചന്തയിൽ പോയി.
ചക്ക വാങ്ങി.
ചക്ക മുറിച്ചു.
ചുള എടുത്തു.
ചന്തമുള്ള ചുള.
ചക്കച്ചുള തിന്നു.
ചക്കി ചക്കച്ചുള തിന്നു.

*ശശിധരൻ കല്ലേരി*


സുഖം
10
അഖിലയുടെ മകൾ രേഖ.
രേഖ ഒന്നിൽ പഠിക്കുന്നു.
മേഘലയുടെ മകൾ നേഖ.
നേഖ രണ്ടിൽ പഠിക്കുന്നു.
അവർ സഖിമാരാണ്.
രേഖ നഖം മുറിച്ചു.
അവൾ മുഖം കഴുകി.
നല്ല സുഖം.
രേഖ നേഖയുടെ വീട്ടിൽ പോയി.

11

# ഇലഞ്ഞി



ഇമ നല്ല കുട്ടിയാണ്.
ഇല്ലത്തെ വീട്ടിലെ കുട്ടിയാണ്.
ഇല്ലത്ത് നിറയെ ഇല്ലി മരം ഉണ്ട്.
ഇല്ലത്ത് ഒരു വലിയ ഇലഞ്ഞി
മരവും.
ഇലഞ്ഞി പൂത്തു.
ഇലഞ്ഞിപ്പൂവിന് നല്ല മണം.
ഇമയ്ക്ക് സന്തോഷമായി.

ശശിധരൻ കല്ലേരി

12

# മേഘം




മേഘ മുറ്റത്തിറങ്ങി.
മേഘ മാനത്ത് നോക്കി.
മേഘങ്ങൾ ഒഴുകുന്നു.
കറുത്ത മേഘങ്ങൾ.
കാർമേഘത്താൽ ഇരുട്ട് പരന്നു.
ഘന ഗംഭീരമായ് ഇടി വെട്ടി.
മഴമേഘം മഴയായ് പെയ്തു.
മേഘ അകത്തേക്ക് ഓടി.

ശശിധരൻ കല്ലേരി

# ഞാറ്റുപുര

13



ഞങ്ങൾ കിളികൾ.
ഞങ്ങൾ നാലു പേർ.
ഞാറ്റുപുരയിലെ ബോർഡിൽ
ഇരിക്കുന്നു.
ഇന്ന് ഞായറാഴ്ച്ച.
ഞാറ് പറിക്കാൻ ആരും വന്നില്ല.
ഞങ്ങൾ പട്ടിണിയായ്.
ഞങ്ങൾ തീറ്റ തേടി പോവുകയാ.

ശശിധരൻ കല്ലേരി

(14)

# വട



ടിറ്റു കടയിൽ പോയി.
അവൾ വട വാങ്ങി.
ടിറ്റു അട വാങ്ങി.
വടയും അടയും തിന്നു.
അനിയൻ ടിന്റുവിന്
കൊടുത്തില്ല.
അമ്മ വടിയെടുത്തു.
അടി കൊടുത്തു.
ടിറ്റു കരഞ്ഞു.

ശശിധരൻ കല്ലേരി

15

# പഠനം



പാഠം പഠിക്കണം.
പഠിച്ചു നന്നാവണം.
പഠിച്ചു ജോലി നേടണം.
കഠിനമായ് വേല ചെയ്യണം.
പാവങ്ങളെ പഠിപ്പിക്കേണം.
നാടു നന്നാക്കണം.

ശശിധരൻ കല്ലേരി

# ഈസ്റ്റർ





ഈപ്പൻ നേരത്തെ എഴുന്നേറ്റു.
ഈന്ത മരത്തിലെ പഴം പറിച്ചു.
ഇന്ന് ഈസ്റ്റർ ആണ്.
ഈന്തപ്പഴം പിതാവിന്
കൊടുക്കണം.
ഈപ്പൻ പള്ളിയിലേക്ക് നടന്നു.

ശശിധരൻ കല്ലേരി

# 17 നനയാം



മഴ നല്ല മഴ.
നിർത്താതെ പെയ്തു.
മീനു മഴ നനഞ്ഞു.
നീന മഴ നനഞ്ഞു.
മല നനഞ്ഞു.
മരം നനഞ്ഞു.
പക്ഷികൾ നനഞ്ഞു.
മൃഗങ്ങൾ നനഞ്ഞു.
നീനുവിനും മീനയ്ക്കും മാത്രം പനി
വന്നു.

ശശിധരൻ കല്ലേരി

# 18 മേഘം




ഘടികാരം ആറ് തവണ മുട്ടി.
മേഘ ഉണർന്നു.
മേഘ പുറത്തു വന്നു.
മേഘ ആകാശം നോക്കി.
കറുത്ത മേഘങ്ങൾ.
കാർമേഘങ്ങൾ മഴ തന്നു.
നല്ല മഴ. തണുത്ത മഴ.

ശശിധരൻ കല്ലേരി

# 19 ഞണ്ട്

ഇന്ന് ഞായർ.
ഞങ്ങൾക്ക് അവധി ആണ്.
ഞാൻ ഞണ്ടിനെ പിടിക്കാൻ
പോയി.
രണ്ട് ഞണ്ടുകൾ കിട്ടി.
ഒരു ഞണ്ടിന് പത്ത് കാൽ.
ഞാൻ ഞണ്ടിനെ തൊട്ടു.
ഞണ്ട് എന്നെ ഇറുക്കി.
ഞാൻ കരഞ്ഞു



ശശിധരൻ കല്ലേരി

# പണി

20



മണിക്കുട്ടൻ പണിക്ക് പോയി.
പട്ടണത്തിൽ ആണ് പണി.
തുണിക്കടയിൽ ആണ് പണി.
നല്ല പണി ആണ്.
പണി കൂടുതൽ.
പണം കുറവ്.
ഇതെന്ത് പണി ?

ശശിധരൻ കല്ലേരി

# 21 എട്ടിൽ പൊട്ടി




ശശിധരൻ കല്ലേരി

# 22 പൊത്ത്



പത്ത് തെങ്ങ്.
തെങ്ങിൽ പൊത്ത്.
കൊത്തി ഉണ്ടാക്കിയ പൊത്ത്.
പൊത്തിൽ തത്ത.
പത്ത് തത്ത.
കൊത്തിയാ തീറ്റ.

ശശിധരൻ കല്ലേരി

23

# വല



വേലു വല എടുത്തു.
പാലത്തിൽ കയറി.
വല വീശി ഇട്ടു.
വലയിൽ ഒരു മീൻ.
വലിയ മീൻ.
ഒരു വലിയ വരാല് കിട്ടിയത്.

ശശിധരൻ കല്ലേരി

24

# കായൽ



മായ പോയി.
വയലിൽ പോയി.
വയലിൽ ഒരു കുളം.
വയലിനപ്പുറം കായൽ.
കായലിൽ പായൽ.
കായലിൽ പപ്പായൽ.
കായലിനപ്പുറം മല.
മലയിൽ ഒരു മയിൽ.
മയിൽ നൃത്തം ചെയ്യുന്നു.
മനം മയക്കും നൃത്തം.

25

# പറവ



ഒരു പാറ.
കറുത്ത പാറ.
ഒരു പറവ.
വെളുത്ത നിറം.
പറവ പാറി വന്നു.
പറവ പാറയിൽ ഇരുന്നു.
പാറയിൽ ഒരു പറവ.
കറുത്ത പാറയിൽ
വെളുത്ത പറവ.

ശശിധരൻ കല്ലേരി

# 26 ശശി



ശശി ഒന്നിൽ പഠിക്കുന്നു.
അവർക്ക് ഒരു പശു ഉണ്ട്.
പശുവിന് ഒരു കിടാവുണ്ട്.
പശുവിന്റെ പാൽ എന്നും
കറക്കും.
ശശി പശുവിൻ പാൽ കുടിക്കും.
അത് ഒരു നല്ല ശീലമാണ്.

ശശിധരൻ കല്ലേരി

27

# സൂര്യൻ

സൂര്യൻ കിഴക്ക് ഉദിച്ചു.
നേരം പരപരാ വെളുത്തു.
ആരതി ഉണർന്നു.
നേരെ ഉമ്മറത്തേക്ക് പോയി.
പേരമരത്തിന്റെ ചുവട്ടിൽ ഇരുന്നു.
ഉമിക്കരി കൊണ്ട് പല്ല് തേച്ചു.
കാപ്പിയും പലഹാരവും കഴിച്ചു.

ശശിധരൻ കല്ലേരി

28

# കായൽ



ഒരു വയൽ.
വയൽ വരമ്പിൽ ഒരു മരം.
മരത്തിൽ ഒരു കുയിൽ.
വയിലിനപ്പുറം ഒരു കായൽ.
കായൽ നിറയെ പായൽ.
കായലിൽ മീനുകൾ.
വലുതും ചെറുതുമായ
മീനുകൾ.
പലവക മീനുകൾ.

ശശിധരൻ കല്ലേരി

29

# സഹ്യൻ



അകലെ സഹ്യ പർവ്വതം.
സഹ്യന് മുകളിൽ സൂര്യൻ.
സജി സൂര്യോദയം കണ്ടു.
സൂര്യൻ സ്വർണ്ണ വർണ്ണം
വിതറുന്നു.
സുന്ദരമായ കാഴ്ച.
സജിക്ക് സന്തോഷമായി.

ശശിധരൻ കല്ലേരി

30

# കഷായം



ഋഷിക്ക് പനി .
കഷായം വാങ്ങി.
മഷിയുടെ നിറം.
ഋഷി കഷായം കുടിച്ചു.
കഷായത്തിന് നല്ല കൈപ്പ്.
ഋഷി കഷായം തുപ്പി.
അമ്മ ഋഷവതി ചിരിച്ചു.
ഋഷിയും ചിരിച്ചു.



ശശിധരൻ കല്ലേരി

# 31 ഹിമാലയം



ഹിമം മൂടിയ പർവ്വതം.
അതാണ് ഹിമാലയം.
ഹംസ മകളോട് പറഞ്ഞു.
ഹാസ്യ ഹിമാലയത്തെ
നോക്കി.
അവൾ മന്ദഹസിച്ചു.
എന്ത് മനോഹരം.
ഹാസ്യ പറഞ്ഞു.

ശശിധരൻ കല്ലേരി

32

# വെള്ളരി

കാളിയ്ക്ക് വിത്ത് കിട്ടി.
വെള്ളരിവിത്ത്'
വെള്ളരിവിത്ത് നട്ടു.
വിത്ത് വള്ളിയായി.
വളം ഇട്ടു.
വെള്ളം കൊടുത്തു.
വള്ളിയിൽ പൂ വിരിഞ്ഞു.
വള്ളിയിൽ കായ് വിരിഞ്ഞു.
കായ് വെള്ളരിയായ്.
കാളി കായ് അറുത്തു.
കാളി കറി വച്ചു.

ശശിധരൻ കല്ലേരി

33

# അഴക്



അഴകൻ അഴകിയെ
നോക്കി.
നല്ല മിഴികൾ.
കരിമഷി എഴുതിയ
മിഴികൾ.
അഴകുള്ള മിഴികൾ.
കഴുത്തിൽ മാല.
പവിഴ മാല.
എന്തൊരഴക് !

ശശിധരൻ കല്ലേരി

34

# ഗാഥയും ഗീതയും



ഗീതയുടെ അനിയത്തി ഗാഥ.
ഗാഥ നല്ല പട്ടുകാരി ആണ്.
ഗീത നല്ലൊരു നർത്തികിയും.
ഗാഥ നന്നായി ഗാനം
ആലപിക്കും.
ഗീത ഗംഭീരമായി നൃത്തം
ചെയ്യും.
ഗാഥയും ഗീതയും
കൂട്ടുകാരികളെ പോലെ
ആണ്.



ശശിധരൻ കല്ലേരി

35

# കാനനം



ഹായ് തേനീച്ച !
നയന പറഞ്ഞു.
നയന കാനനം കണ്ടു.
കാനനത്തിൽ മാനിനെ കണ്ടു.
വനത്തിൽ ആനയെ കണ്ടു.
നയന നിറയെ മൃഗങ്ങളെ കണ്ടു.
"കാനനം എത്ര മനോഹരം. "
നയന പറഞ്ഞു.

ശശിധരൻ കല്ലേരി

36

# മണിയനീച്ച



മണിയനീച്ച പറന്നു.
അവൻ തൂണിലിരുന്നു.
മണിയൻ കൂണിലിരുന്നു.
അവൻ തുണിയിലിരുന്നു.
ഒരു മണിയിലിരുന്നു.
ആരോ മണിയടിച്ചു.
മണിയൻ ചമ്മന്തിയായി.

ശശിധരൻ കല്ലേരി

37

# ഭാരതം

ബലവാനാണ് ഭരതൻ.
നന്നായി ഭക്ഷണം കഴിക്കും.
ഭംഗിയായി സംസാരിക്കും.
ഭയമില്ലാത്ത മിടുക്കൻ.
നന്നായി ഭാഗവതം വായിക്കും.
നല്ല ഭക്തിയുള്ള കുട്ടി.
ഭരതനെ കുറിച്ച് എത്ര പറഞ്ഞാലും
മതിയാകില്ല.
അതാണ് ഭരതൻ.
ഭാരതത്തിന്റെ അഭിമാനം.



ശശിധരൻ കല്ലേരി

38

# ബാലൻ



ബാലൻ ഒരു ബാലനാണ്.
ബാലൻ ഒന്നിൽ പഠിക്കുന്നു.
ഒന്നാം ബെഞ്ചിലാ ഇരുത്തം.
ബാലന് നല്ല ബുദ്ധിയാണ്.
ബാലൻ ബലവാനുമാണ്.
ആരേയും ബുദ്ധിമുട്ടിക്കില്ല.
നല്ല മിടുക്കനാണ് ബാലൻ.

ശശിധരൻ കല്ലേരി

39

# ചെണ്ട



ചാണ്ടിക്ക് ചെണ്ട പഠിക്കണം.
ചാണ്ടി ഒരു ചെണ്ട വാങ്ങി.
പഠിക്കാൻ വണ്ടൂര് പോയി.
പിന്നെ മുണ്ടൂര് പോയി.
ചെണ്ട പഠിക്കാൻ കുണ്ടറ പോയി.
പക്ഷേ ചെണ്ട മാത്രം പഠിക്കാൻ
പറ്റിയില്ല.
പാവം മണ്ടനല്ല കേട്ടോ.

ശശിധരൻ കല്ലേരി

40

# കിണ്ണം

കണ്ണന്റെ വീട് വെണ്ണലയിലാ.

കണ്ണന് നല്ല വണ്ണമാണ്.

നല്ലവണ്ണം ഭക്ഷണം കഴിക്കും.

കണ്ണൻ തിണ്ണയിൽ ഇരുന്നു.

അമ്മ ഒരു കിണ്ണം കഞ്ഞി കൊടുത്തു.

കണ്ണൻ ഒരു കിണ്ണം കഞ്ഞി കുടിച്ചു.

തിണ്ണയിൽ കിടന്നുറങ്ങി.



ശശിധരൻ കല്ലേരി

41

# കൊമ്പൻ




ശശിധരൻ കല്ലേരി

42

# ഉഷസ്സ്

ഉഷ ഉണർന്നു.
ഉഷ എന്നും ഉഷസ്സിന്
ഉണരും.
ഉച്ചവരെ പണിയാണ്.
ഉച്ചിവരെ വിയർക്കും.
എന്നാലും ഉഷയ്ക്ക്
ഉന്മേഷമാണ്.
ഉഷസ്സിന് ഉണരുന്നതിന്റെ
ഗുണം.



ശശിധരൻ കല്ലേരി

43

# മഞ്ചാടി



അഞ്ച് പേർ ചന്തയിൽ പോയി.
വഞ്ചിയിലാ പോയത്.
കുഞ്ചി പഞ്ചസാര വാങ്ങി.
കുഞ്ചു മഞ്ചാടി വാങ്ങി.
കാഞ്ചന ഒരു കളിവഞ്ചി വാങ്ങി.
നാഞ്ചിമുത്തു ഒരു കളിമഞ്ചലും.
ചിഞ്ചു ഒരു സഞ്ചി വാങ്ങി.
അഞ്ചും സഞ്ചിയിലാക്കി
മടങ്ങി.

ശശിധരൻ കല്ലേരി

# 44 കുന്നും കന്നും കൊന്നയും




ഒരു വലിയ കുന്ന്.
കുന്നിൽ ഒരു കൊന്ന.
ഒരു കന്ന് പുല്ലു തിന്നുന്നു.
കന്നിയാണ് കന്നിനെ മേയ്ക്കുന്നത്.
മിന്നൽ വന്നു.
മഴ വന്നു.
കന്ന് ഓടി.
കന്നി ഓടി.
കുന്നവിടെ നിന്നു.
കൊന്നയും അവിടെ നിന്നു.
കുന്നും കൊന്നയും മഴ കൊണ്ടു.
കന്നിമഴ കൊണ്ടു.

ശശിധരൻ കല്ലേരി

45

# വട്ടയപ്പം




ശശിധരൻ കല്ലേരി

46

# പൂച്ച

അച്ചുവിന്റെ പൂച്ച.
കൊച്ചു കാലുകൾ.
കൊച്ചു കണ്ണുകൾ.
ഒരു കൊച്ചു പൂച്ച.
പച്ചമീനാ ഇഷ്ടം.
കാച്ചി വച്ച പാൽ കുടിയ്ക്കും.
പച്ച മെത്തയിലാ കിടത്തം.



ശശിധരൻ കല്ലേരി

47

# മീട്ടു

മീട്ടു പൊട്ട് വാങ്ങി.
എട്ട് പൊട്ട് വാങ്ങി.
എട്ട് വട്ടപ്പൊട്ട് വാങ്ങി.
ഒരു പൊട്ട് തൊട്ടു.
തൊട്ട പൊട്ട് പൊട്ടി.
വീണ്ടും പൊട്ട് തൊട്ടു.
അങ്ങനെ എട്ട് പൊട്ടും പൊട്ടി.
പാവം മീട്ടു.



ശശിധരൻ കല്ലേരി

48

# ചുക്കുകാപ്പി



വീട് അക്കരെ.
പണി ഇക്കരെ.
ഭാസ്ക്കരൻ എന്നാ പേര്.
ചക്കയോട് ആർത്തിയാ.
ചുക്കുകാപ്പി കുടിക്കും.
കൊക്കിറച്ചി തിന്നും.
കക്ക നീറ്റലാ പണി.
ആള് മിടുക്കനാ.

ശശിധരൻ കല്ലേരി

49

# പങ്കായം




ശങ്കരി ഉണർന്നു.
കെങ്കേമമായി പ്രാർത്ഥിച്ചു.
ശങ്കരനും ഉണർന്നു.
പങ്ക നിർത്തി.
പങ്കായം എടുത്തു.
ശങ്കരൻ പണിക്ക് പോയി.

ശശിധരൻ കല്ലേരി

50

# ഓന്ത്



ചന്തു ചന്തയിൽ
പോയി.
വഴിയിൽ ഒരു
ഓന്തിനെ കണ്ടു.
ചന്തു പേടിച്ചോടി.
ചന്ത വരെ ഓടി.
എന്തൊരു ഓട്ടം.

ശശിധരൻ കല്ലേരി

51

# ഐസ്




*ശശിധരൻ കല്ലേരി*

52

# ഓമന



ഓമനയ്ക്ക് ഒമ്പത് വയസ്സ്.
ഓട്ട മത്സരത്തിന് ചേർന്നു.
ഒന്നാമത് എത്താനാ കൊതി.
ഒരു നേരം പോലും ഓടി നോക്കില്ല.
ഓട്ട മത്സര ദിവസം വന്നു.
ഓമന ഓടി.
ഒന്നാമതായി തോറ്റു.

ശശിധരൻ കല്ലേരി

# നിഴൽ

43




ശശിധരൻ കല്ലേരി